# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1943 — 06.07.2015-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വനവൽക്കരണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, അൻവർ സാദത്ത്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ജോസഫ് വാഴയ്ക്കൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വനവൽക്കരണ പദ്ധതികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ; | എ) വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സാമൂഹിക വനവൽക്കരണ വിഭാഗം മുഖേന എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) പ്രസ്തുത പദ്ധതിക്കായി വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വിശദമാക്കുമോ ; | ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന മാനദണ്ഡത്തെ അടിസ്ഥാനപ്പെടുത്തി സർക്കാർ, എയ്ഡഡ് അൺ-എയ്ഡഡ് സ്കൂളുകളെയും, കോളേജുകളെയും ഈ പദ്ധതിയിക്കായി തെരഞ്ഞെടുക്കാറുണ്ട് |
| സി) പദ്ധതിയുടെ വിജയത്തിനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ; | സി) വനം വകുപ്പ് അദ്ധ്യക്ഷൻ ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി വേണ്ട മുന്നൊരുക്കങ്ങൾ അടങ്ങിയ മാർഗ്ഗരേഖ വനം വകുപ്പിലെ എല്ലാ വിഭാഗങ്ങൾക്കും നൽകാറുണ്ട്. സാമൂഹിക വനവൽക്കരണ വിഭാഗം നേതൃത്വം കൊടുക്കുന്ന ടി പരിപാടി സമയപരിധിയ്ക്കകം പൂർത്തിയാക്കുന്നതിനാവശ്യമായ സ്റ്റാഫിനെയും, വാഹനങ്ങളെയും എല്ലാ വിഭാഗങ്ങളിൽ നിന്നും ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകാറുണ്ട്. കൂടാതെ, ത്രിതലപഞ്ചായത്തുകൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലാളി യൂണിയനുകൾ എൻ.എസ്.എസ്., എൻ.സി.സി., പോലീസ് തുടങ്ങിയ വിഭാഗങ്ങളുടെ സഹകരണവും പങ്കാളിത്തവും ഈ സംരംഭത്തിൽ വനം വകുപ്പ് തേടാറുണ്ട്. പദ്ധതിയുടെ വിജയത്തിനായി തൈകൾ നട്ടുപരിപാലിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളടങ്ങിയ അച്ചടിച്ച മാർഗ്ഗരേഖയും, നടുന്ന തൈകൾ എപ്രകാരം പരിപാലിക്കേണ്ടതെന്ന നിർദ്ദേശവും വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട് |

| | | | |
|---|---|---|---|
| ഡി | പദ്ധതിയുടെ പുരോഗതിയെക്കുറിച്ചും ഇതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ായെന്നും വിശദമാ ക്കമോ ? | ഡി | വിദ്യാർത്ഥികൾ നട്ടുവളർത്തുന്ന വൃക്ഷത്തൈകൾ വിലയിരുത്തുന്നതിന് അതാത് വിദ്യാലയങ്ങളിലെ അദ്ധ്യാപകർ, പി.ടി.എ. പ്രസിഡന്റ്, വനം വകുപ്പ് ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾക്കായി കേന്ദ്ര സഹായം ലഭിക്കുന്നില്ല |

സെക്ഷൻ ഓഫീസർ